8. ശ്രീ. രമേശ് ചെന്നിത്തല, മുൻ കെ.പി.സി.സി. പ്രസിഡന്റ്

9. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, മുൻ വ്യവസായ വകുപ്പുമന്ത്രി

10. ശ്രീ. രാജീവൻ, പ്രൊപ്രൈറ്റർ, M/s. Grintex Enterprises

11. ശ്രീ. ഗംഗാധരൻ, ചീഫ് എഞ്ചിനീയർ (Rtd.) & Chief Project Manger, TTPL

12. ശ്രീ. ഡി. കെ. ഭാസു, General Manager, M/s. Meccon India Ltd.

13. ശ്രീ. സുജനപാൽ, മുൻ മന്ത്രി, ആരോഗ്യ പരിസ്ഥിതി വകുപ്പ്

ജയിൽപ്പുള്ളികൾക്ക് അനർഹമായ സൗകര്യങ്ങൾ

352 (330) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ പുള്ളികളിൽ ഒരു വിഭാഗത്തിന് അനർഹവും അന്യായവുമായ സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാകുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള പ്രവണതകൾ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

കാസർഗോഡ് ജില്ലയിൽ ജില്ലാ ജയിലിന് കെട്ടിടം

353 (331) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജില്ലാ ജയിലിന് കെട്ടിടം നിർമ്മിക്കുന്നതിന് പെരിയയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലം ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതുവരെയായിയെന്ന് വിശദമാക്കുമോ;

(ബി) സ്ഥലം വിട്ടുനൽകുന്നതിന് പ്ലാന്റേഷൻ കോർപ്പറേഷന് പ്രായോഗിക

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടുകളുണ്ടെങ്കിൽ ഏറ്റെടുക്കുന്ന സ്ഥലത്തിനു പകരം ചീമേനി തുറന്ന ജയിലിൽ നിന്നും ഭൂമി വിട്ടു നൽകുന്നത് പരിഗണിക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ തലത്തിൽ ഇടപെടൽ നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ ജയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തുവാൻ പ്രത്യേക ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നത് പരിഗണയിലുണ്ടോ;

(ഇ) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉദ്ദേശിച്ചിരുന്നു. എന്നാൽ പ്ലാന്റേഷൻ കോർപ്പറേഷൻ സ്ഥലം ജയിൽ വകുപ്പിന് വിട്ടുതരുവാൻ വിസമ്മതം അറിയിച്ചിട്ടുണ്ട്.

(ബി) പ്ലാന്റേഷൻ കോർപ്പറേഷൻ ഹോസ്ദുർഗ്ഗ് താലൂക്കിൽ പെരിയ വില്ലേജിൽ 10 ഏക്കർ സ്ഥലം ജയിലിന് നൽകുകയാണെങ്കിൽ ചീമേനി തുറന്ന ജയിലിലെ പ്ലാന്റേഷൻ ഭൂമിയോട് ചേർന്നു കിടക്കുന്ന 10 ഏക്കർ സ്ഥലം കൈമാറാമെന്ന് അറിയിച്ചിരുന്നെങ്കിലും സ്ഥലം വിട്ടുനൽകാൻ നിർവ്വാഹമില്ലെന്ന് പ്ലാന്റേഷൻ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(സി-ഇ) ജില്ലാ ജയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനായി ഒരു നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ജില്ലാ ജയിൽ നിർമ്മാണത്തിന് ആവശ്യമായ സ്ഥല സൗകര്യം ഇതുവരെയും ലഭ്യമായിട്ടില്ല

വനം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

354 (332) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly